<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2536</u> <u>15-10-2024 - ൽ മറുപടിയ്ക്ക്</u>

<u>വടക്കാഞ്ചേരി മണ്ഡലത്തിലെ കോൾ പടവുകളിൽ സോളാർ പ്ലാന്റുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ കോൾ പടവുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ? | (എ) | കേന്ദ്ര അനുമതി ലഭിച്ച 9348 പമ്പുകളിൽ 5955 പമ്പുകളുടെ സൗരോജ്ജവൽക്കരണം നബാർഡ് RIDF ലോൺ ഉപയോഗിച്ച് നടപ്പിലാക്കി വരുന്നതിൽ കോൾ പാടങ്ങളിലെ ഉയർന്ന ശേഷിയുള്ള പമ്പുകളും ഉൾപ്പെടുന്നു. 20 hp മുതൽ 100 hp വരെ ഉയർന്ന ശേഷിയുള്ള പമ്പുകളാണ് ഇതിൽ ഉൾപ്പെടുന്നത്.<br><br>വടക്കാഞ്ചേരി മണ്ഡലത്തിലെ കോൾ പടവുകളിൽ വിവിധ പാടശേഖര സമിതികളുടെ കീഴിലുള്ള പമ്പുകളുടെ സൗരോർജ്ജവൽക്കരണം നടത്തുന്നതിനുള്ള ഫീസിബിലിറ്റി പഠനം നടത്തുന്നതിനായി M/s. Suntastic Engineering Pvt. Ltd. എന്ന ഏജൻസിയെ അനെർട്ട് ചുമതലപ്പെടുത്തിയിരുന്നു. 100 സൈറ്റുകളിൽ സൗരോർജ്ജനിലയം സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സാധ്യത പഠനം നടത്തി റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 3 സൈറ്റുകളിൽ സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഈ സൈറ്റുകളിൽ 2024 നവംബർ, ഡിസംബർ മാസത്തോടുകൂടി നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ